"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ അന്യത്രസേവനം - പൊതുഭരണ സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ശ്രീ. ശ്രീനിവാസ് എസ്.-ന്റെ അന്യത്രസേവന കാലാവധി മൂന്നാം തവണ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.636/2024/LBR തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 04/04/2022-ലെ സ.ഉ.(സാധാ)നമ്പർ 448/2022/തൊഴിൽ.
3. 02/05/2023-ലെ സ.ഉ.(സാധാ)നമ്പർ 557/2023/തൊഴിൽ.
4. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/02/2024-ലെ 2943/എ1/2021 നമ്പർ കത്ത്.
5. 09/04/2024-ലെ സ.ഉ.(അച്ചടി) നമ്പർ 27/2024/ധന.

**ഉത്തരവ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ആയ ശ്രീ. ശ്രീനിവാസ് എസ്.-ന്റെ അന്യത്രസേവന കാലാവധി മൂന്നാം തവണ ദീർഘിപ്പിച്ചു നൽകുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്, ശ്രീ. ശ്രീനിവാസ് എസ്.-ന്റെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശ സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 07/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (മൂന്നാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.

പൊതുഭരണ (സർവ്വീസസ് -ഇ) വകുപ്പ് (25/03/2024-ലെ എസ്.ഇ.3/55/2024-പൊഭവ നമ്പർ കുറിപ്പ് പ്രകാരം).

ശ്രീ. ശ്രീനിവാസ് എസ്., സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് (കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/38/2024-LBRD).

ഉത്തരവിൻ പ്രകാരം

Signed by

Sareesh K

Date: 14-06-2024 15:49:38

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.